## കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - കൊണ്ടോട്ടി നഗരസഭ - 2019-20 സാമ്പത്തിക വർഷം - പൊതു ആവശ്യ ഫണ്ടിന്റെ പന്ത്രണ്ടാം ഗഡു തുകയും, വിടവ് നികത്തൽ ഫണ്ടും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസും അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നത് - പുനരനുവദിച്ച് ഉത്തരവാകുന്നു.

---

### ധനകാര്യ (എസ്.എഫ്.സി സെൽ -എ) വകുപ്പ്

സ.ഉ.(സാധാ)നം.4477/2022/ധന തിരുവനന്തപുരം, തീയതി, 18 ജൂൺ, 2022

---

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 28/01/2022 തീയതിയിലെ ഡിസി3-21685/21 നമ്പർ കത്ത്.

2. ട്രഷറി ഡയറക്ടറുടെ 19/05/2022 തീയതിയിലെ TRY/1475/2022 -E2 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

കൊണ്ടോട്ടി നഗരസഭയ്ക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ പന്ത്രണ്ടാം ഗഡു തുകയും വിടവ് നികത്തൽ ഫണ്ടും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസും അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതിനാൽ പുനരനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കൊണ്ടോട്ടി നഗരസഭയ്ക്ക് (M100800) 2019-20 സാമ്പത്തിക വർഷം അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ പന്ത്രണ്ടാം ഗഡു തുകയായ 19,25,600/- രൂപയും, വിടവ് നികത്തൽ ഫണ്ടും റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസും അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയായ 18,22,926/- രൂപയും ചേർത്ത് ആകെ 37,48,526/- രൂപ (മുപ്പത്തിയേഴ് ലക്ഷത്തി നാല്പത്തി എണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) "3604-00-200-83-(05)-NP" എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**

ധനകാര്യ ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- I), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊണ്ടോട്ടി നഗരസഭ, മലപ്പുറം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്.
ധനകാര്യ (ബി.ഡബ്ളിയു –ജെ/ഡെവലപ്മെന്റ് വിങ് /എസ്.എസ്) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇ.2025106)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ